**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **18-09-2025 - ൽ മറുപടിയ്ക്ക്**

**സേഫ് പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനം പുതുക്കി പണിയുന്നതിനായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ച് വരുന്നത്; | (എ) | പട്ടികജാതി വിഭാഗങ്ങൾക്കുള്ള സേഫ് പദ്ധതി സ.ഉ. (സാധാ) 990/2022/പജപവവിവ തീയതി 27/9/2022 പ്രകാരം ആരംഭിക്കുകയും സ.ഉ. (കൈ) 59/2022/ പജപവവിവ തീയതി 30/12/2022, സ.ഉ. (സാധാ) 865/2023/പജപവവിവ തീയതി 10/7/2023, സ.ഉ. (സാധാ) 713/2025/പജപവവിവ തീയതി 8/9/2025 പ്രകാരം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സേഫ് പദ്ധതി സ.ഉ. (സാധാ)നം. 1116/2022/പജപവവിവ തീയതി 07/11/2022 പ്രകാരം ആരംഭിക്കുകയും സ.ഉ. (സാധാ)നം. 62/2023/പജപവവിവ തീയതി 12/01/2023, സ.ഉ.(സാധാ)നം.499/2023/ പജപവവിവ തീയതി 24/04/2023 പ്രകാരം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഈ മാനദണ്ഡങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്- വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന പൂർത്തീകരണ പദ്ധതിയിൽ അനിവാര്യമായ ഉൾചേർക്കലുകൾ വരുത്തി, പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ടുള്ള SAFE (Secure Accommodation and Facility Enhancement) പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.990/2022/SCSTD തീയതി,തിരുവനന്തപുരം, 27-09-2022

---

പരാമർശം:-

1. 14.06.2019 ലെ സ.ഉ.(സാധാ)നം.483/2019/പജപവവിവ.
2. 13.10.2020 ലെ സ.ഉ.(സാധാ)824/2020/പജപവവിവ.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 30/06/2022 ലെ 11466/21/ബി2/ഡെവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിവിധ രീതികളിൽ നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്തതും പത്ത് വർഷങ്ങൾക്കുള്ളിൽ അവസാന ഗഡു കൈപ്പറ്റിയവരുമായ കുടുംബങ്ങൾക്ക് ഒന്നരലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പരാമർശം (1) പ്രകാരം വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ അനിവാര്യമായ ഉൾചേർക്കലുകൾ വരുത്തി കൂടുതൽ ജനോപകാരപ്രദമാക്കുന്ന തരത്തിൽ പരിഷകരിക്കുന്നതിനുള്ള നിർദേശങ്ങൾ പരാമർശം (3) പ്രകാരം വകുപ്പ് ഡയറക്ടർ മുന്നോട്ട് വയ്ക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ സർക്കാർ പദ്ധതികളിലൂടെ ധനസഹായം അനുവദിച്ച് നിർമിച്ചിട്ടുള്ളവയിൽ തേയ്ക്കാത്തതും തറയിടാത്തതും ജനൽ വാതിലുകൾ ഇല്ലാത്ത നിലയിൽ ഉള്ളതും വൃത്തിയുള്ള അടുക്കളയോ കക്കൂസോ ഇല്ലാത്തതുമായ ധാരാളം ഭവനങ്ങളുണ്ട്. ഇവ വെറും ഘടനാപരമായ വീടുകൾ മാത്രമാണ്. ശോച്യമായ അവസ്ഥയിലുള്ള വീടുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് എന്ന സ്വപ്നം സഫലമാക്കുക വഴി പ്രസ്തുത കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് സാധിക്കും എന്ന് സർക്കാർ വിലയിരുത്തുന്നു.

3) മേൽ സാഹചര്യത്തിൽ പരാമർശം (1),(2) ഉത്തരവുകൾ റദ്ദാക്കിക്കൊണ്ടും അനുബന്ധമായി ചേർത്തിട്ടുള്ള വ്യവസ്ഥകളോടെ പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ടുള്ള SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കുന്നതിനും പദ്ധതി നടത്തിപ്പിലേക്ക് ആവശ്യമായ തുക നടപ്പു വർഷം ഭവന പൂർത്തികരണ പദ്ധതി നടപ്പിലാക്കുന്നതിന് 2225-01-283-89 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിക്കുന്നതിനും വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും (വകുപ്പ് ഡയറക്ടർ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ / ആഡിറ്റ്) കേരള , തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.

അഡീഷണൽ സെക്രട്ടറിയുടെ സി. എയ്ക്ക്.

**<u>അനുബന്ധം</u>**

**<u>പദ്ധതി നിർവഹണത്തിൽ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ</u>**

**<u>നിർമ്മാണ ഘടകങ്ങൾ</u>**

ചുവടെ ചേർത്തിട്ടുള്ള നിർമ്മാണ ഘടകങ്ങൾ ആണ് ഈ പദ്ധതിപ്രകാരം ഉൾപ്പെടുത്തട്ടേണ്ടത്

**1** മേൽക്കൂര പൂർത്തീകരണം
2 ശുചിത്വ ടോയ്‌ലറ്റ് നിർമ്മാണം
3 ഭിത്തികൾ ബലപ്പെടുത്തൽ
4 വാതിലുകളും ജനലുകളും സ്ഥാപിക്കൽ
5 അടുക്കള നവീകരണം-കിച്ചൺ സ്ലാബ്, ഷെൽഫ്, പാചക സൗകര്യം ഉൾപ്പെടെയുള്ളവ
6 ഫ്ളോറിങ്- ടൈൽ പാകൽ അഭികാമ്യം
7 സമ്പൂർണ്ണ പ്ലാസ്റ്ററിങ് , വൈറ്റ് വാഷ്, ചുമർ പെയിന്റിംഗ് (മുൻ വശം എങ്കിലും)
8 ഇലക്ട്രിക്കൽ- വയറിംഗ് , ELCB , ഫാൻ, ലൈറ്റ് സ്ഥാപിക്കൽ
9 പ്ലംബിംഗ്- പ്ലംബിംഗ് ചെയ്ത വീട്ടിനുള്ളിൽ അടുക്കളയിലും ടോയ്‌ലറ്റിലും വെള്ളം പൈപ്പ് വഴി ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കുക

**<u>ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്</u>**

i വിജ്ഞാപന പ്രകാരം ലഭിക്കുന്ന അപേക്ഷകൾ അതാത് പട്ടികജാതി വികസന ഓഫിസർമ്മാർ അനുബന്ധ രേഖകൾ പരിശോധിച്ച് അർഹത മാനദണ്ഡങ്ങൾ പ്രകാരം പ്രാഥമിക പട്ടിക തയ്യാറാക്കേണ്ടതും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനങ്ങൾ അക്രെഡിറ്റഡ് എൻജിനീയർമാർ നേരിൽ സന്ദർശിച്ച് ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ വ്യക്തമായി രേഖപ്പെടുത്തി , അബ്സ്ട്രാക്ട് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്

ii പ്രസ്തുത എസ്റ്റിമേറ്റും മുൻഗണന മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന മുൻഗണനാപട്ടിക ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ച് അംഗീകാരം നേടി അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്

**<u>അർഹതാ മാനദണ്ഡങ്ങൾ</u>**

ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1 ന ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് . വീട് അപേക്ഷകന്റെയോ ഭാര്യ/ഭർത്താവിന്റെയോ പേരിൽ

ഉള്ളതായിരിക്കണം . കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ ഭവനപുനരുദ്ധാരണത്തിനോ ഭവനപൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിച്ചവരെയും മുൻവർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും പരിഗണിക്കുന്നതല്ല.

**മുൻഗണനാ മാനദണ്ഡങ്ങൾ**

i മേൽക്കൂര, ടോയ്‌ലറ്റ് എന്നിവ ഇല്ലാത്ത/ പൂർത്തിയാകാത്ത കുടുംബങ്ങൾക്ക് മുൻഗണന നല്കേണ്ടതും അവ ഉൾപ്പെടുത്തിയ ശേഷം ബാക്കിയുള്ള അപേക്ഷകൾ വീട് നിർമ്മാണം പൂർത്തിയാക്കിയ / അവസാന ഗഡു കൈപ്പറ്റിയ വർഷത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് താഴെ പറയും പ്രകാരം മാർക്ക് രേഖപ്പെടുത്തി മുൻഗണന പട്ടിക നിശ്ചയിക്കേണ്ടതാണ്.

| ക്രമ നം | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | ഭർത്താവ് മരണപ്പെട്ട/ ഉപേക്ഷിച്ച വനിതകൾ കുടുംബനാഥയായ കുടുംബം | 1 |
| 2 | ഭിന്നശേഷിക്കാർ/മാരക രോഗങ്ങൾ ബാധിച്ചവർ ഉള്ള കുടുംബം | 1 |
| 3 | . വിദ്യാർത്ഥികൾ ഉള്ള കുടുംബങ്ങൾ | 1 |
| 4 | വനിതകൾ മാത്രമുള്ള കുടുംബം | 1 |
| 5 | ഒന്നിലധികം വിദ്യാർത്ഥിനികൾ ഉള്ള കുടുംബങ്ങൾ | 1 |
| 6 | മുൻപ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാത്ത കുടുംബം | 1 |
| 7 | 800 SQ .FT ൽ താഴെ വിസ്തീർണ്ണമുള്ള വീട് | 1 |
| 8 | പഠനമുറി അനുവദിച്ചിട്ടില്ലാത്ത കുടുംബം | 1 |
| 9 | നിർമാണ ഘടകങ്ങളിൽ 5 ൽ അധികം ഘടകങ്ങൾ ആവശ്യമുള്ള കുടുംബം | 1 |
| 10 | 50000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബം | 1 |
| | **ആകെ** | 10 |

ii ആകെ 10 മാർക്കിൽ ഓരോ വർഷത്തെയും അപേക്ഷകളിൽ ഏറ്റവും അധികം മാർക്ക് ലഭിക്കുന്നവർക്കാണ് മുൻഗണന നൽകേണ്ടത് .

iii ഒന്നിലധികം അപേക്ഷകർക്ക് ഒരേ മാർക്ക് വരുമ്പോൾ കുറഞ്ഞ വരുമാനമുള്ളവർക്കു മുൻഗണന നൽകിയാണ് ലിസ്റ്റ് തയ്യാറേക്കേണ്ടത്

**തുക വിതരണം**

**ധനസഹായ തുക –200000/- (രണ്ടു ലക്ഷം രൂപ)**

i ഈ പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണം/പൂർത്തീകരണത്തിനായി ആകെ 200000/- രൂപ **മൂന്നു ഗഡുക്കളായി** ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതാണ് . ഒന്നാം ഗഡു 50000/- - രൂപ രണ്ടാം ഗഡു 100,000- രൂപ മൂന്നാം ഒന്നാം ഗഡു 50000/-രൂപ എന്ന ക്രമത്തിത്തിലാണ് തുക അനുവദിക്കേണ്ടത്

ii ആദ്യ ഗഡു മുൻകൂറായും ശേഷം നിർദ്ദിഷ്ട ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കുന്നവർക്ക് അക്രെഡിറ്റഡ് എൻജിനീയർ സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം രണ്ടാം ഗഡുവും നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം മാത്രം മൂന്നാം ഗഡുവും അനുവദിക്കാവുന്നതാണ്

iii ശുചിമുറിസംവിധാനമൊരുക്കുന്നതിനു പരമാവധി 40000/- രൂപ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. സെപ്റ്റിക് ടാങ്ക് , ക്ലോസറ്റ്, ടൈൽ പാകി മേൽക്കൂര കോൺക്രീറ്റ് ചെയ്ത റൂം, ഫ്ലഷ് ടാങ്ക്, വാട്ടർ ടാപ്പ് സൗകര്യങ്ങൾ ഉൾപ്പെട്ടതായിരിക്കണം ടോയ്‌ലറ്റ്.

iv വീടിന്റെ മേൽക്കൂര പൂർത്തിയാകാത്തതിനാൽ നാലാം ഗഡു ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് മേൽക്കൂര കോൺക്രീറ്റ് ചെയ്യുവാൻ തുക അനുവദിക്കുന്നതാണ്. തുടർന്ന് നാലാം ഗഡു ലഭിക്കുമ്പോൾ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കേണ്ടതുമാണ്. മേൽക്കൂര ഷീറ്റിട്ടവർക്കു അത് മാറ്റി പകരം കോൺക്രീറ്റ് ചെയ്യുവാനും അനുമതിയുണ്ടായിരിക്കും. മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കിയ ശേഷം ആണ് അവസാന ഗഡു അനുവദിക്കുന്നത്

**<u>പൊതു നിർദേശങ്ങൾ</u>**

i പ്രവൃത്തികളുടെ സാങ്കേതിക പരിശോധന അക്രെഡിറ്റഡ് എൻജിനീയറും ഭൗതിക പരിശോധന പട്ടികജാതി വികസന ഓഫിസറും നിർവഹിക്കേണ്ടതാണ്.

ii വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പ്രകാരം ആവശ്യമുള്ള രേഖകൾ അപേക്ഷക്കൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതില്ല, മറിച്ച് ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ച് അപേക്ഷകൻ തയ്യാറാക്കുന്ന statement മതിയാകും.

–

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് - "SAFE" പദ്ധതി യുടെ അർഹത മാനദണ്ഡങ്ങളിൽ പുതിയ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പട്ടികജാതി പട്ടികവർഗ വികസന(സി) വകുപ്പ്**

സ.ഉ.(കൈ) നം.59/2022/SCSTD തീയതി,തിരുവനന്തപുരം, 30-12-2022

---

പരാമർശം:-
1. 27/9/2022 ലെ സ ഉ (സാധാ ) 990/2022/പജപവവിവ
2. വകുപ്പ് ഡയറക്ടറുടെ 17/12/2022 ലെ SCDD/6033/2022-B2(DEVB) നമ്പർ കത്ത്

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന പൂർത്തീകരണ പദ്ധതിയിൽ അനിവാര്യമായ ഉൾചേർക്കലുകൾ വരുത്തി പട്ടികജാതി വിഭാഗക്കുരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുള്ള SAFE പദ്ധതിയ്ക്ക് പരാമർശം (1)പ്രകാരം അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിൽ പ്രായോഗിക തലത്തിൽ നേരിട്ടുള്ള പരിമിതികൾ കൂടി മറികടന്നു "SAFE" പദ്ധതി കുറ്റമറ്റ രീതിയിൽ നിർവഹിക്കുന്നതിന് ഉതകുന്നതായി വകുപ്പ് ഡയറക്ടർ പരാമർശം(2) പ്രകാരം ഭേദഗതി നിർദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "SAFE"പദ്ധതിയുടെ അർഹത മാനദണ്ഡങ്ങളിൽ ചുവടെ ചേർക്കും പ്രകാരമുള്ള പുതിയ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

i) പ്രളയ ദുരിതാശ്വാസമായി ഒരു ലക്ഷം രൂപ വരെ സർക്കാർ ധനസഹായം ലഭിച്ചവരെ പദ്ധതിയിൽ പരിഗണിക്കാവുന്നതാണ്.

ii) മേൽക്കൂരയും ശുചിമുറിയും ഇല്ലാത്ത വീടുകൾ പരിഗണിച്ച ശേഷം2 0 1 0 മുതലുള്ള അപേക്ഷകൾ വർഷത്തിന്റെ ആരോഹണക്രമത്തിൽ പരിഗണിക്കേണ്ടതാണ്.

iii) ഇരുനില വീടുകളും പദ്ധതിയിൽ പരിഗണിക്കേണ്ടതില്ല

3) മേൽ ഭേദഗതികളോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്
ഡയറക്ടർ,പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ ഓഫീസർമാർക്കും (വകുപ്പ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ സെക്ടർ/ജി&എസ് സെക്ടർ/ ആഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഠനമുറി മാത്രം സ്ഥലപരിമിതി മൂലം വീടിന് മുകളിൽ നിർമ്മിച്ചിട്ടുള്ള വീടുകളെ ഇരുനില വീട് എന്ന പരിധിയിൽ നിന്നും ഒഴിവാക്കി 'SAFE' പദ്ധതിയിൽ പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.865/2023/SCSTD തീയതി,തിരുവനന്തപുരം, 10-07-2023

പരാമർശം:-
1. 27/09/2022 ലെ സ.ഉ.(സാധാ)നം.990/2022/പജപവവിവ
2. 30/12/2022 ലെ സ.ഉ.(കൈ)നം.59/2022/പജപവവിവ
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18/05/2023 ലെ SCDD/6033/2022-B2(DEV B) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം(1) ഉത്തരവ് പ്രകാരം, പ്രസ്തുത ഉത്തരവിൽ അനുബന്ധമായി ചേർത്തിരുന്ന വ്യവസ്ഥകളോടെ, പട്ടികജാതി വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുള്ള 'SAFE' പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങളിൽ പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇരുനില വീടുകളെ 'SAFE' പദ്ധതിയിൽ പരിഗണിക്കേണ്ടതില്ല എന്ന് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നുവെന്നും, എന്നാൽ പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയും സ്ഥല പരിമിതിമൂലം വീടിന് മുകളിൽ പഠനമുറി നിർമ്മിച്ചിട്ടുള്ളതുമായ വീടുകളെ ഇരുനില വീട് എന്ന പരിധിയിൽ നിന്നും ഒഴിവാക്കി പദ്ധതിയിൽ പരിഗണിക്കാവുന്നതാണെന്നും ഇക്കാര്യത്തിൽ ഉത്തരവുണ്ടാകണമെന്നും പരാമർശം(3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയും പ്രസ്തുത പഠനമുറി മാത്രം സ്ഥലപരിമിതി മൂലം വീടിന് മുകളിൽ നിർമ്മിച്ചിട്ടുള്ളതുമായ വീടുകളെ ഇരുനില വീട് എന്ന പരിധിയിൽ നിന്നും ഒഴിവാക്കി 'SAFE' പദ്ധതിയിൽ പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) മേൽ ഭേദഗതിയോടെ പരാമർശം(1, 2) എന്നിവയിലെ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും(പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ സെക്ടർ/ജി&എസ് സെക്ടർ ആഡിറ്റ്), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), ഐ&പി.ആർ.ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവനപുനരുദ്ധാരണ പദ്ധതിയിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ടുള്ള SAFE (Secure Accommodation and Facility Enhancement) പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1116/2022/SCSTD തീയതി,തിരുവനന്തപുരം, 07-11-2022

---

പരാമർശം:- 1. സ.ഉ(സാധാ)നം.2199/2017/പജപവവിവ തീയതി 24/08/2017
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 19/10/2022, 05/11/2022 തീയതികളിലെ എ2-3669/22 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം നിലവിൽ ഭവന പുനരുദ്ധാരണം/നവീകരണത്തിനായി 1.50 ലക്ഷം രൂപ നിരക്കിൽ പരാമർശം(1) ഉത്തരവ് പ്രകാരം ധനസഹായം അനുവദിച്ചു വരുന്നുണ്ട് 2006 മുതൽ നിർമ്മാണം പൂർത്തീകരിച്ച പട്ടികവർഗ്ഗക്കാരുടെ വീടുകളിൽ നവീകരണം/അധിക സൗകര്യങ്ങൾ ആവശ്യമുള്ളവ നവീകരിച്ച് അധിക സൗകര്യങ്ങൾ ഒരുക്കി 'സുന്ദരഭവനം സുരക്ഷിത ഭവനം' എന്ന ലക്ഷ്യത്തോട് കൂടി വാസയോഗ്യമാക്കുന്നതിന് SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കുന്നതിനും, ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 2.50 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പട്ടികവർഗ്ഗക്കാർ അധികവും അധിവസിക്കുന്നത് അതീവ ദുർഘടപ്രദേശങ്ങളിലായതിനാൽ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്നതിനു തന്നെ അനുവദിക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കേണ്ടി വരുന്ന സാഹചര്യമുണ്ടെന്നും, വിവിധ സർക്കാർ പദ്ധതികളിലൂടെ ധനസഹായം അനുവദിച്ച് നിർമ്മിച്ചിട്ടുള്ളവയിൽ തേയ്ക്കാത്തതും, തറയിടാത്തതും, ജനൽ വാതിലുകൾ ഇല്ലാത്ത നിലയിൽ ഉള്ളതും വൃത്തിയുള്ള അടുക്കളയോ, കക്കൂസോ ഇല്ലാത്തുമായ ധാരാളം ഭവനങ്ങൾ ഉള്ളതായും, ഇവ വെറും ഘടനാപരമായ വീടുകൾ

മാത്രമാണെന്നും, ശോച്യമായ അവസ്ഥയിലുള്ള വീട്ടുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് എന്ന സ്വപ്നം സഫലമാക്കുക വഴി പ്രസ്തുത കുടുംബങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് സാധിക്കും എന്നും സർക്കാർ വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവ് റദ്ദാക്കിക്കൊണ്ടും, അനുബന്ധമായി ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ട് കൊണ്ടുള്ള SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കുന്നതിനും, പദ്ധതി നടത്തിപ്പിലേക്കാവശ്യമായ തുക നടപ്പു വർഷം ഭവനപൂർത്തീകരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള "2225-02-283-89-ഭവന നിർമ്മാണം അപൂർണമായ വീടുകളുടെ പൂർത്തീകരണം" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നു ചെലവഴിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL V G
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. എല്ലാ പ്രോജക്ട് ഓഫീസർമാർക്കും/പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കും (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## SAFE (Secure Accommodation and Facility Enhancement) പദ്ധതി നിർവ്വഹണത്തിൽ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ

### നിർമ്മാണ ഘടകങ്ങൾ

1. വാതിലുകളും ജനലുകളും സ്ഥാപിക്കൽ
2. അടുക്കള നിർമ്മാണം
3. അടുക്കള നവീകരണം, കിച്ചൺ സ്ലാബ്, ഷെൽഫ്, അടുപ്പ് ഉൾപ്പെടെ
4. അഡീഷണൽ റൂം നിർമ്മിക്കൽ
5. ഫ്ളോറിംഗ്, ടൈൽപാകൽ
6. വയറിംഗ്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ (ELCB സഹിതം), ഫാൻ, ലൈറ്റ് സ്ഥാപിക്കൽ
7. പ്ലംബിംഗ് പ്രവർത്തികൾ -പ്ലംബിംഗ് ചെയ്ത വീട്ടിനുള്ളിൽ അടുക്കളയിലും ടോയ്‌ലറ്റിലും വെള്ളം പൈപ്പ് വഴി ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കുക.
8. ഭിത്തികൾ ബലപ്പെടുത്തൽ
9. വീടുകളുടെ ചുവർ തേച്ച് പെയിന്റ് ചെയ്യൽ / മേൽക്കൂര നവീകരണം /ടോപ്പ് പ്ലാസ്റ്ററിങ്ങ്
10. ശുചിത്വ ടോയ്‌ലറ്റ് നിർമ്മാണം

### ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

1. പദ്ധതിയുടെ വിജ്ഞാപന പ്രകാരം അർഹതാ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള പ്രാഥമിക ഗുണഭോക്താക്കളുടെ ലിസ്റ്റ് ഊരുകൂട്ടങ്ങൾ കൂടി ലഭ്യമാക്കുന്നു.
2. പ്രസ്തുത ലിസ്റ്റ് ടി.ഇ.ഒ, എസ്.ടി. പ്രൊമോട്ടർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ പരിശോധിച്ച് SAFE പദ്ധതിയുടെ മാനദണ്ഡപ്രകാരം മാർക്കിട്ട് പ്രോജക്ട് ഓഫീസർ/ ടി.ഡി.ഒ ക്ക് അംഗീകാരത്തിനായി ലഭ്യമാക്കുന്നു.
3. പ്രസ്തുത ലിസ്റ്റ് പ്രോജക്ടാഫീസർ /ടി.ഡി.ഒ തലത്തിൽ ക്രോഡീകരിച്ച് ഓരോ വർഷവും അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്.
4. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുമായി കരാർ വെച്ച് 6 മാസ കാലയളവിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

5. ഭവന പുനരുദ്ധാരണ പ്രവർത്തിക്ക് അപേക്ഷിക്കുന്നതിന് ആവശ്യമായ മുഴുവൻ രേഖകളും അപേക്ഷക്കൊപ്പം സമർപ്പിക്കേണ്ടതാണ്. (അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതില്ല).

**<u>അർഹതാ മാനദണ്ഡങ്ങൾ</u>**

2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളതും 2010 ഏപ്രിൽ 1 ന് ശേഷം നിർമ്മിച്ചതുമായ വീടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുക. വീട് അപേക്ഷകന്റെയോ, ഭാര്യ/ഭർത്താവിന്റെയോ പേരിൽ ആയിരിക്കണം. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ, ഭവന പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിച്ചവരെയും, മുൻ വർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

**<u>മുൻഗണനാ മാനദണ്ഡങ്ങൾ</u>**

2010 ഏപ്രിൽ 1 മുതൽ നിർമ്മാണം പൂർത്തിയായ വീടുകൾക്ക് കാലപ്പഴക്കം അനുസരിച്ച് മുൻഗണന നൽകുന്നതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന മുൻഗണനാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതാണ്.

| ക്രമ നം. | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1. | ഭർത്താവ് മരണപ്പെട്ട/ഉപേക്ഷിച്ച വനിതകൾ കുടുംബനാഥയായ കുടുംബം | 1 |
| 2. | ഭിന്നശേഷിക്കാർ ഉള്ള കുടുംബം | 1 |
| 3. | മാരകരോഗം ബാധിച്ചവർ/ മാനസികരോഗികൾ/കിടപ്പ രോഗികളുള്ള കുടുംബം | 1 |
| 4. | വിദ്യാർത്ഥികളുള്ള കുടുംബങ്ങൾ | 1 |
| 5. | വനിതകൾ മാത്രമുള്ള കുടുംബം | 1 |
| 6. | ഒന്നിലധികം വിദ്യാർത്ഥിനികൾ ഉള്ള കുടുംബം | 1 |
| 7. | മുമ്പ് ഭവന പുനരുദ്ധാരണ ഗ്രാന്റ് ലഭിക്കാത്ത കുടുംബം | 1 |
| 8. | 800 സ്ക്വയർ ഫീറ്റിൽ താഴെ വിസ്തീർണ്ണമുള്ള വീട് | 1 |
| 9. | 50,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബം | 1 |
| 10. | സിക്കിൾ സെൽ അനീമിയ രോഗികൾ ഉള്ള കുടുംബം | 1 |
| 11. | നിർമ്മാണ ഘടകങ്ങളിൽ 5 ൽ അധികം ഘടകങ്ങൾ ആവശ്യമുള്ള കുടുംബം | 1 |
| 12. | പ്രാക്തന ഗോത്രവർഗ്ഗ കുടുംബം | 1 |
| | **ആകെ മാർക്ക്** | 12 |

ആകെ 12 മാർക്കിൽ ഓരോ വർഷത്തെയും അപേക്ഷകളിൽ ഏറ്റവും അധികം മാർക്ക് ലഭിക്കുന്നവർക്കാണ് മുൻഗണന നൽകുന്നത്. ഒന്നിലധികം അപേക്ഷകൾക്ക് ഒരേ മാർക്ക് വരുമ്പോൾ കുറഞ്ഞ വരുമാനം ഉള്ളവർക്ക് മുൻഗണന നൽകിയാണ് പട്ടിക തയ്യാറാക്കേണ്ടത്.

**<u>തുകവിതരണം</u>**

ഈ പദ്ധതി പ്രകാരം 2.5 ലക്ഷം രൂപ 4 ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതാണ്.

| | | |
|---|---|---|
| 1-ാം ഗഡു | 20% | 50,000/-രൂപ |
| 2-ാം ഗഡു | 30% | 75,000/-രൂപ |
| 3-ാം ഗഡു | 30% | 75,000/-രൂപ |
| 4-ാം ഗഡു | 20% | 50,000/-രൂപ |

എന്നീ ക്രമത്തിലാണ് തുക അനുവദിക്കേണ്ടത്. ഗുണഭോക്താവ് കരാർ പത്രം സമർപ്പിക്കുന്ന മുറക്ക് ഒന്നാം ഗഡു മുൻകൂറായി അനുവദിക്കുന്നതാണ്. തുടർന്നുള്ള ഗഡുക്കൾ ഓരോ വീടിന്റേയും എസ്റ്റിമേറ്റ് പ്രകാരം നിശ്ചിത ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചതായി ഭൗതിക പരിശോധനാ സാക്ഷ്യപത്രം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും സാങ്കേതിക പരിശോധനാ സാക്ഷ്യപത്രം അക്രഡിറ്റഡ് എൻജിനീയറും സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

ശുചിമുറി സംവിധാനമൊരുക്കുന്നതിനു പരമാവധി 40,000/-രൂപ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. സെപ്റ്റിക് ടാങ്ക്, ക്ലോസറ്റ്, ടൈൽ പാകി മേൽക്കൂര കോൺക്രീറ്റ് ചെയ്ത റൂം, ഫ്ലഷ് ടാങ്ക്, വാട്ടർ ടാപ്പ് സൗകര്യങ്ങൾ ഉൾപ്പെട്ടതായിരിക്കണം ടോയ്‌ലറ്റ്.

എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി വീട് വാസയോഗ്യമാണ് എന്ന് ഭൗതിക പരിശോധനാ റിപ്പോർട്ട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും സാങ്കേതിക പരിശോധനാ റിപ്പോർട്ട് അക്രഡിറ്റഡ് എൻജിനീയറും സമർപ്പിക്കുന്ന മുറയ്ക്ക് അവസാന ഗഡു തുക അനുവദിക്കുന്നതാണ്.

**<u>പൊതുനിർദ്ദേശങ്ങൾ</u>**

1. പ്രവൃത്തികളുടെ സാങ്കേതിക പരിശോധന അക്രഡിറ്റഡ് എഞ്ചിനീയറും ഭൗതിക പരിശോധന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും നിർവ്വഹിക്കേണ്ടതാണ്.

2. വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന ഭവന പൂർത്തീകരണ പദ്ധതിക്ക് അപേക്ഷിക്കുന്നതിന് ആവശ്യമുള്ള രേഖകൾ അപേക്ഷക്കൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതില്ല. ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ച് അപേക്ഷകൻ തയ്യാറാക്കുന്ന statement മതിയാകും. മാനദണ്ഡപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ വീടുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ പ്രവൃത്തികൾ വ്യക്തമായി രേഖപ്പെടുത്തി അബ്സ്ട്രാക്ട് ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്കോ, അക്രഡിറ്റഡ് എഞ്ചിനിയർമാർ മുഖേനയോ തയ്യാറാക്കേണ്ടതാണ്. ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പ്രാപ്തരാണെങ്കിൽ സാങ്കേതിക സഹായത്തിന് അക്രഡിറ്റഡ് എഞ്ചിനിയർമാരുടെ സേവനം തേടാവുന്നതാണ്. ഈ എസ്റ്റിമേറ്റ് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് തുടർ നടപടികൾക്കായി പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ ഭവനങ്ങളുടെ നവീകരണത്തിനായുള്ള SAFE പദ്ധതിയുടെ മാനദണ്ഡങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.499/2023/SCSTD  തീയതി,തിരുവനന്തപുരം, 24-04-2023

---

പരാമർശം:- 1. സ.ഉ(സാധാ)നം.1116/2022/പജപവവിവതീയതി 07/11/2022

2. സ.ഉ(സാധാ)നം.62/2023/പജപവവിവ തീയതി 12/01/2023

3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 01/03/2023 തീയതിയിലെ എ2-3669/22 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള "SAFE പദ്ധതി (Secure Accommodation Facility Enhancement) നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ അർഹതാമാനദണ്ഡം പ്രകാരം 2010 ഏപ്രിൽ -1 ന് ശേഷം നിർമ്മാണം പൂർത്തീകരിച്ച വീടുകളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

പട്ടികവർഗ്ഗ മേഖലയിൽ "SAFE പദ്ധതി നടപ്പിലാക്കുമ്പോൾ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നേരിടുന്നതായും 2010 -ന് മുൻപ് പൂർത്തീകരിച്ച വീടുകളിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് വാസയോഗ്യമാക്കാൻ കഴിയുന്ന നിരവധി വീടുകളുള്ളതായും ലൈഫ് പദ്ധതിയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്തതും, പുതിയ വീട് ആവശ്യമില്ലാത്തതും എന്നാൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നവീകരിച്ച് വാസയോഗ്യമാകും എന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ ഉറപ്പ് വരുത്തുന്നതുമായ വീടുകൾ കൂടി സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ജില്ലാ ആഫീസർമാർ ആവശ്യപ്പെട്ടിരിക്കുന്നുവെന്നും, ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ 2010 -ന് മുൻപ് പൂർത്തീകരിച്ച വീടുകളിൽ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ടി വീടുകളെയും കൂടി സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് പട്ടികവർഗ്ഗ

വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2006 ഏപ്രിൽ 1 നും 2010 ഏപ്രിൽ -1 നുമിടയിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തുന്നതുമായ വീടുകളെക്കൂടി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള SAFE പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശിത ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MINIMOL V G**

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർമാർക്കും/പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കും (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന SAFE (Secure Accommodation and Facility Enhancement) പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.62/2023/SCSTD തീയതി,തിരുവനന്തപുരം, 12-01-2023

---

പരാമർശം:- 1. സ.ഉ(സാധാ)നം.1116/2022/പജപവവിവ തീയതി 07/11/2022

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 19/12/2022 തീയതിയിലെ എ2-3669/22

**<u>ഉത്തരവ്</u>**

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ടുള്ള SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശിത ഉത്തരവിന്റെ അനുബന്ധത്തിൽ ശുചിമുറി സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡം ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശുചിമുറി സംവിധാനമൊരുക്കുന്നതിനു പരമാവധി 40,000/-രൂപ മാത്രമേ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടുള്ളു. സെപ്റ്റിക് ടാങ്ക്, ക്ലോസറ്റ്, ടൈൽ പാകി മേൽക്കൂര കോൺക്രീറ്റ് ചെയ്ത റൂം, ഫ്ലഷ് ടാങ്ക്, വാട്ടർ ടാപ്പ് സൗകര്യങ്ങൾ ഉൾപ്പെട്ടതായിരിക്കണം ടോയ്‌ലറ്റ്. വന മേഖലയിലും ജല ദൗർലഭ്യം അനുഭവപ്പെടുന്ന ദുർഘട മേഖലയിലും ഫ്ളഷ് ടാങ്ക്, വാട്ടർ ടാപ്പ് സൗകര്യങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് നേരിടുന്ന പക്ഷം പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വാസസ്ഥലത്തിന്റെ ഘടനയും, പ്രായോഗികതയും കൂടി കണക്കിലെടുത്ത് ബന്ധപ്പെട്ട ടി.ഇ.ഒ/അക്രഡിറ്റഡ് എഞ്ചിനിയർമാർ ഭവന പരിശോധന നടത്തി ഏതൊക്കെ

ഘടകങ്ങൾ ഉൾപ്പെടുത്താനാകും എന്നതിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MINIMOL V G**

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. എല്ലാ പ്രോജക്ട് ഓഫീസർമാർക്കും/പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കും (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പജപവവിവ - പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന "സേഫ്" പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.713/2025/SCSTD തീയതി,തിരുവനന്തപുരം, 08-09-2025

---

പരാമർശം:-

1. സ.ഉ (സാധാ) നമ്പർ 990/2022/പജപവവിവ തീയതി 27/09/2022.
2. സ.ഉ (കൈ) നമ്പർ 59/2022/പജപവവിവ തീയതി 30/12/2022.
3. സ.ഉ (സാധാ) നമ്പർ 865/2023/പജപവവിവ തീയതി 10/07/2023
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 14-07-2025 തീയതിയിലെ SCDD/2855/2025-B2 (DEV B) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന 'സേഫ്' ഭവന പുനരദ്ധാരണ /നവീകരണ പദ്ധതി മാനദണ്ഡങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം പ്രസ്തുത പദ്ധതിയിലേക്ക് 2010 ഏപ്രിൽ 1-ന് ശേഷം പൂർത്തിയാക്കിയ വീടുകളെയാണ് പരിഗണിക്കുന്നത്. 'സേഫ്' മാനദണ്ഡ പ്രകാരം ഇരുനില വീടുകൾക്ക് ധനസഹായം അനുവദിക്കുന്നില്ലെങ്കിലും വീടിന് മുകളിൽ പഠനമുറി മാത്രം നിർമ്മിച്ചിട്ടുള്ള വീടുകളെ ഇരുനില വീടുകൾ എന്ന പരിധിയിൽ നിന്നും പരാമർശം (3) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

2) 'സേഫ്' പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിലേത് പോലെ 2006 ഏപ്രിൽ 1 -ന് ശേഷം പൂർത്തീകരിച്ച വീടുകളെയും 1000 ചതുശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെയും കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (4) പ്രകാരം വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന 'സേഫ്' ഭവന പുനരുദ്ധാരണ /നവീകരണ പദ്ധതിയിലേക്ക് 2006 ഏപ്രിൽ 1-ന് ശേഷം പൂർത്തീകരിച്ച വീടുകളെയും 800 ചതുശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെയും കൂടി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) മേൽ ഭേദഗതികളോടെ പരാമർശം (1,2,3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിമി.എ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ